# KERALA STATE WAREHOUSING CORPORATION
(Established By Government of Kerala)
**കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**
(കേരള സർക്കാരിനാൽ സ്ഥാപിതം)

നം. കെ.എസ്.ഡബ്ലിയു.സി/ഇഎസ്റ്റി/സ്റ്റേഷനറി/2018-2019/ തിയതി: 06.12.2018

## ദർഘാസ് പരസ്യം

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന്റെ സൗത്ത് റെയിൽവേ സ്റ്റേഷനു സമീപമുള്ള കേന്ദ്ര ഓഫീസിൽ താഴെ പറയുന്നവ പ്രിന്റ് ചെയ്ത് സപ്ലൈ ചെയ്യുവാൻ താല്പര്യമുള്ളവരിൽ നിന്നും മുദ്രണം ചെയ്ത ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | വെയർഹൗസ് ബിൽ ബുക്ക് | 325 എണ്ണം |
| 2 | ഹെഡ് ഓഫീസ് ക്യാഷ് രസീത് ബുക്ക് | 05 എണ്ണം |

ഓരോ ഇനത്തിന്റേയും കൂടെ കാണിച്ചിരിക്കുന്ന എണ്ണത്തിന് (നികുതി ഒഴികെ) എത്ര തുകയാകും എന്ന് കാണിച്ചിട്ടുള്ള ക്വട്ടേഷൻ ഈ ഓഫീസിൽ ഏൽപ്പിക്കുവാൻ താത്പര്യപ്പെടുന്നു. സീൽ വച്ച ക്വട്ടേഷനുകൾ 14.12.2018 വൈകുന്നേരം 3.00 മണിക്ക് മുമ്പായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ 14.12.2018 വൈകിട്ട് 4.00മണിക്ക് അപ്പോൾ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

1. പ്രിന്റ് ചെയ്യുവാൻ നല്ല ഇനം പേപ്പർ ഉപയോഗിക്കേണ്ടതും പ്രിന്റിംഗ് വളരെ വൃത്തിയായും ഭംഗിയായും ചെയ്യേണ്ടതുമാണ്.
2. ഓരോ ഇനത്തിനും ഉപയോഗിക്കുന്ന പേപ്പറിന്റെ സാംപിൾ ക്വട്ടേഷന്റെ കൂടെ ചേർത്തിരിക്കുന്ന സാംപിളിൽ ഏതിനമാണ് പ്രിന്റ് ചെയ്യുവാൻ പോകുന്നത് എന്ന് രേഖപ്പെടുത്തുകയും ചെയ്യണം. സാംപിൾ കാണിച്ചിട്ടില്ലാത്ത ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.
3. ഫോറങ്ങൾ പ്രിന്റ് ചെയ്തു കൊണ്ടുവരുമ്പോൾ 20 വീതമുള്ള ഓരോ സെറ്റായി കൊണ്ടുവരേണ്ടതാണ്.
4. **'ഓർഡർ തന്നു കഴിഞ്ഞാൽ പത്ത് ദിവസത്തിനകം തന്നെ പ്രിന്റ് ചെയ്ത് എൽപ്പിക്കേണ്ടതാണ്".**
5. പ്രിന്റ് ചെയ്തു തരുമ്പോൾ ക്വട്ടേഷനിൽ കാണിച്ചിട്ടുള്ള സാംപിളിൽ നിന്നും വ്യത്യാസം ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല.

Head Office: P.B No.1727, Warehousing Corporation Road, Kochi – 682 016
Phone: 0484 – 2377137, 2375537, 2376269, 2376616,. Fax: 0484-2376339,
Telegram: KERWACOR, Email-kerwacor@gmail.com

Scanned by CamScanner

6. സാംപിളിന് വ്യത്യസ്തമായി പ്രിന്റ് ചെയ്ത് കൊണ്ടു വരുന്ന ഇനങ്ങൾ യാതൊരു കാരണവശാലും കൈപ്പറ്റുന്നതല്ല. ഇതു കൊണ്ടുണ്ടാകുന്ന നഷ്ടത്തിന് ഈ ഓഫീസിന് യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.
7. ഓർഡർ പ്രകാരമുള്ള എല്ലാ ഇനങ്ങളും തൃപ്തികരമായി പ്രിന്റ് ചെയ്ത് ഏൽപ്പിച്ച തിനു ശേഷം മാത്രമേ അതിന്റെ തുക നൽകുകയുള്ളു. പ്രിന്റ് ചെയ്യുവാനുള്ളവ യുടെ സ്പെസിമെൻ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഈ ഓഫീസിൽ വന്ന് കാണാവുന്നതാണ്.
8. ക്വട്ടേഷൻ പ്രകാരമുള്ള നിരക്കുകൾക്ക് വർക്ക് ഓർഡർ തീയതി മുതൽ ആറു മാസത്തെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്.
9. ലഭിക്കുന്ന വർക്ക് ഓർഡറിലെ മൊത്തം തുകയുടെ 10% സെക്യൂരിറ്റിയായി ഈ ഓഫീസിൽ ഒടുക്കേണ്ടതും അച്ചടി ജോലി വൃത്തിയായും ഭംഗിയായും നിർവ്വ ഹിച്ച് നിശ്ചിത സമയത്തിനുള്ളിൽ പ്രിന്റിംഗ് ഇനങ്ങൾ ഓഫീസിൽ ഏൽപ്പിക്കുന്ന മുറക്ക് ഇത് തിരിച്ച് നൽകുന്നതുമായിരിക്കും. നിശ്ചിത തീയതിയ്ക്കകം തൃപ്തിക രമായ രീതിയിൽ സപ്ളൈ നടത്താത്ത പക്ഷം ഓർഡർ ക്യാൻസൽ ചെയ്യുന്നതും ഡെപ്പോസിറ്റ് തുക കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.
10. നിയമാനുസൃത ടാക്സുകൾ ബില്ലിൽ നിന്നും കുറവു ചെയ്യുന്നതായിരിക്കും

മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കുവാൻ തയ്യാറുള്ളവർ മാത്രം ക്വട്ടേഷൻ സമർപ്പിച്ചാൽ മതിയാകുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

7/12/18

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക.

ജോയിന്റ് മാനേജർ, എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ
കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ,
പി.ബി.നമ്പർ 1727, കൊച്ചി–682 016
ഫോൺ 0484 2375537, 2376269, 2375180, 9495255242



Scanned by CamScanner